(ബി) 2012-ലും 2013-ലും ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര അളവിലുള്ള വസ്തുവകകൾ പിടിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇവയുടെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച ശിക്ഷാനടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ ?

കേഷ്യൂവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) പിന്നീട് കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2012-ൽ ഇത്തരത്തിലുള്ള 103 കേസ്സുകളും 2013 ൽ 108 കേസ്സുകളും ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; 2012-ൽ 114503.5 കി.ഗ്രാം അരി, 29519.5 കി.ഗ്രാം ഗോതമ്പ്, 10618.63 കി.ഗ്രാം പഞ്ചസാര, 25856 ലിറ്റർ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്തു. 2013-ൽ 906499 കി.ഗ്രാം അരി, 85687 കി.ഗ്രാം ഗോതമ്പ്, 2150 കി.ഗ്രാം പഞ്ചസാര, 25921 ലിറ്റർ മണ്ണെണ്ണ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

(സി) സമഗ്രമായി ഉറവിടമുള്ളതായി കണ്ടെത്തിയിട്ടില്ല. ടി കേസ്സുകളിൽ മിക്കവയും സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന വഴിയിൽ വാഹനങ്ങളിൽ നിന്നും പിടിച്ചെടുത്തവയാണ്. കൂടാതെ ഗോഡൗണുകളിൽ നിന്നും അനധികൃത ശേഖരം കണ്ടെത്തിയവയുമുണ്ട്.

(ഡി) പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച ശിക്ഷാ നടപടികൾ സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി

14 (*874) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നൽകുന്നതിനെ സംബന്ധിച്ച് കേന്ദ്രം നിയമം പാസ്സാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതു സംബന്ധിച്ച കേരള നിയമസഭ പാസാക്കിയ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നൽകുന്നതിനെ സംബന്ധിച്ച് കേന്ദ്രം നിയമം പാസ്സാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നൽകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ 'കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ട്-1999' പാസാക്കിയിട്ടുണ്ട്. ആയത് പ്രകാരം അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ ഡിവിഷണൽ ഓഫീസർ തലത്തിൽ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) അന്യാധീനപ്പെട്ട പട്ടിക വർഗ്ഗക്കാരുടെ ഭൂമി തിരിച്ചുപിടിക്കുന്നതിനും കൈമാറ്റങ്ങൾ നിയന്ത്രിക്കുന്നതിനുമായി കേരള നിയമസഭ പാസ്സാക്കിയ 1999-ലെ Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act-ന് 9-3-1999-ന് ഗവർണ്ണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. State of Kerala vs Peoples Union for Civil Liberties, Kerala State Unit and Others (JT 2009(9)Sc 573) എന്ന കേസിൽ ബഹു.സുപ്രീം കോടതി രാഷ്ട്രപതിയുടെ അംഗീകാരം പ്രസ്തുത ആക്ടിന് ആവശ്യമില്ലെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തങ്ങൾ-വില്ലേജുതല മാപ്പിംഗ്

18 (*675) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങൾ പ്രതിരോധിക്കാൻ വില്ലേജുതല മാപ്പിംഗ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ദുരന്തങ്ങൾ കണ്ടെത്തുന്നതിനുള്ള മാപ്പിംഗാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മാപ്പിംഗിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly